IV ശ്രദ്ധ ക്ഷണിക്കൽ

(ശ്രീ. സി. പി. മുഹമ്മദ് നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, നമ്മുടെ രാജ്യത്തെയാകെ കുട്ടിച്ചോറാക്കിക്കൊണ്ട് നടപ്പാക്കിയ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കീർത്തി പരേഖ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം വില നിയന്ത്രണം എടുത്തുകളഞ്ഞശേഷം പെട്രോളിന് ഏഴ് തവണ വില വർദ്ധിപ്പിച്ചു. ലോക വിപണിയിലെ വില നിലവാരം പറഞ്ഞ് എണ്ണക്കമ്പനികൾ നിരന്തരം വില വർദ്ധിപ്പിക്കുകയാണ്. വിലനിയന്ത്രണം നീക്കി ആറ് മാസം തികയുന്നതിനു മുമ്പുതന്നെ എട്ട് രൂപ എഴുപത്തെട്ട് പൈസയുടെ വർദ്ധനയാണ് വരുത്തിയത്. വില നിയന്ത്രണം നീക്കുന്നതിന് തൊട്ടുമുമ്പ് ബഡ്ജറ്റ്വഴി പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് മൂന്ന് രൂപയോളം വില കൂട്ടി. മണ്ണെണ്ണയ്ക്ക് മൂന്ന് രൂപയും ഡീസലിന് രണ്ട് രൂപയും കൂട്ടി. ഏറ്റവുമൊടുവിൽ കഴിഞ്ഞ പതിനഞ്ചാം തീയതി രണ്ട് രൂപ തൊണ്ണൂറ്റഞ്ച് പൈസയാണ് പെട്രോളിന് വർദ്ധിപ്പിച്ചത്. ഡീസലിന്റെ വില നിയന്ത്രണവും എടുത്തുകളയാൻ നീക്കം നടക്കുന്നതായാണ് വിവരം. ഇപ്പോഴിതാ, വീണ്ടും ഡീസലിനും പാചകവാതകത്തിനും വില കൂട്ടാൻ തീരുമാനമായിരിക്കുന്നു. വില നിയന്ത്രണം എടുത്തുകളഞ്ഞ് എണ്ണക്കമ്പനികൾക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുത്ത നടപടി അരാജകത്വത്തിലേക്കാണ് നയിക്കുന്നത്. അടിക്കടിയുള്ള പെട്രോൾ വിലവർദ്ധന നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധന രൂക്ഷമാക്കിയിരിക്കുകയാണ്. ചെറുകിട വാഹന ഉടമകളും ഓട്ടോറിക്ഷാ തൊഴിലാളികളും യാത്രക്കാരുമെല്ലാം കടുത്ത പ്രയാസമാണ് ഇതുമൂലം അനുഭവിക്കുന്നത്. ഒട്ടുമിക്ക ഉപഭോക്തൃ സാധനങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന സംസ്ഥാനമാണ് കേരളം. കടത്തുകൂലി ഗണ്യമായി വർദ്ധിക്കുന്നതുമൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നു. ശക്തമായ വിപണി ഇടപെടൽ നടത്തിയും സബ്സിഡി നൽകിയുമാണ് ദേശീയ തോതിലുള്ള വിലക്കയറ്റമില്ലാതെ കേരളത്തിൽ ഒരു പരിധിവരെ പിടിച്ചു നിൽക്കുന്നത്. ഇന്ധനവില വർദ്ധന അതെല്ലാം തകിടംമറിക്കുകയാണ്. എല്ലാ സബ്സിഡികളും എടുത്തുകളഞ്ഞ് വിപണി ചൂഷണം ശക്തിപ്പെടുത്താൻ കുത്തകകളെ കയറൂരിവിടുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനമാണ് വിലക്കയറ്റത്തിന് കാരണം. അതുകൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം പുനഃസ്ഥാപിക്കുകയും കഴിഞ്ഞ മാർച്ചിലെ നിലവാരത്തിലേക്ക് വില നിജപ്പെടുത്തുകയും ചെയ്യണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്നത്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ ശക്തമായ വിപണി ഇടപെടൽ നടപടികളാണ് സ്വീകരിക്കുന്നത്. സപ്ലൈകോയും കൺസ്യൂമർഫെഡും വഴി ആയിരക്കണക്കിന് വിതരണ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly